പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ :2435

08.07.2015-ലെ മറുപടിയ്ക്ക്

## അനധികൃത ജലവിനോദ യാത്ര

ചോദ്യം

ശ്രീ.തോമസ് ഉണ്ണിയാടൻ

ഉത്തരം

ശ്രീ.എ.പി.അനിൽ കുമാർ

(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

(എ) മതിയായ സുരക്ഷാ സംവിധാനങ്ങളില്ലാതെ അനധികൃതമായി നടത്തുന്ന ജലവിനോദ യാത്രകൾ സഞ്ചാരികളുടെ ജീവൻ അപഹരിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം അനധികൃത ജലയാത്രകൾ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(സി) തട്ടേക്കാട്, തേക്കടി, പൂവ്വാർ ബോട്ടു ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ യാത്രാ ബോട്ടുകൾ പാലിക്കേണ്ട വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം ; വ്യക്തമാക്കാമോ ?

(എ) ഉണ്ട്.

(ബി) യും (സി) യും

അനധികൃത ജലയാനങ്ങളെ നിയന്ത്രിക്കുന്നതിനായി വ്യക്തമായ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 'ഉൾനാടൻ ജലയാന ചട്ടങ്ങൾ 2010' (KIV Rules 2010) 15.09.2010 ൽ നിലവിൽ വന്നു. ഈ ചട്ടങ്ങളുടെ നിർവ്വഹണ അധികാരിയായി തുറമുഖ വകുപ്പിനെയും തുറമുഖ ഡയറക്ടറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉൾനാടൻ ജലയാനങ്ങളുടെ സുരക്ഷാ പരിശോധനകൾ, രജിസ്ട്രേഷൻ വാർഷിക സർവ്വേ എന്നിവയ്ക്കായി 6 കേന്ദ്രങ്ങൾ സജ്ജമാക്കി. ജലയാനങ്ങളിലെ ജീവനക്കാർക്ക് പരിശീലന പദ്ധതി

നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി മാരിടൈം ട്രെയിനിംഗ് സെന്ററുകൾ ആരംഭിയ്ക്കുകയും ഈ സെന്ററുകൾ വഴി ഏകദേശം 10000 ത്തോളം ജീവനക്കാർക്ക് സുരക്ഷാ പരിശീലനം നൽകുകയും ചെയ്തു. ജലയാനങ്ങളുടെ സുരക്ഷാ പരിശോധന നടത്തുന്നതിനായി ചീഫ് സർവ്വെയർ, സർവ്വെയർമാർ എന്നിവരെ നിയമിക്കുകയും അവരുടെ മേൽ നോട്ടത്തിൽ കൃത്യമായ സുരക്ഷാ പരിശോധനകളും സർവ്വെകളും നടത്തി വരികയും ചെയ്യുന്നു. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കണ്ടെത്തുന്ന ജലയാനങ്ങളുടെ സഞ്ചാര യോഗ്യതാ സർട്ടിഫിക്കറ്റ് മരവിപ്പിക്കുകയോ പിഴ ഈടാക്കുകയോ ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ